പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1687 | 3. 10.11 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ വികസനം

**ചോദ്യം**

ശ്രീ. പാലോട് രവി
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.പി.എ.മാധവൻ

**മറുപടി**

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖത്തിനായി സർക്കാർ ഇപ്പോൾ എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ; | എ | 120 ഹെക്ടർ . |
| ബി | ഇതിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; സ്ഥലം ഏറ്റെടുക്കലും നഷ്ടപരിഹാര വിതരണവും എന്നേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ ; | ബി | വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്റ്റിവിറ്റി,ബാക്ക് അപ്പ് ഏരിയ, ട്രക്ക് ടെർമിനൽ, റെയിൽ കണക്ടിവിറ്റി, വെയർ ഹൗസ് എന്നിവയ്ക്കായുള്ള സ്ഥലമേറ്റെടുക്കൽ പ്രക്രിയ പുരോഗമിക്കുന്നു. ഇതിൽ റോഡ് കണക്ടിവിറ്റിയ്ക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്കായി പ്രഖ്യാപിച്ച പുനരധിവാസ പാക്കേജുകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |
| സി | പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് ഇപ്പോൾ നടപ്പിലാക്കുന്നതെന്നും ഇതിനായി എന്തു തുക വീതം നീക്കിവച്ചിരിക്കുന്നുവെന്നും അറിയിക്കാമോ ; | സി | വിഴിഞ്ഞം തുറമുഖ പദ്ധതി ലാന്റ് ലോർഡ് മാതൃകയിൽ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. പാരിസ്ഥിതിക പഠനത്തിനുള്ള ടി.ഒ.ആറിന് അംഗീകാരം ലഭിച്ചതിനെ തുടർന്നുള്ള പ്രവർത്തനങ്ങളും ധനസമാഹരണ |

| | | | |
|---|---|---|---|
| | | | ത്തിനുള്ള നടപടികളും പുരോഗമി ക്കുന്നു. അടിസ്ഥാന സൗകര്യ വികസ നത്തിനുള്ള ഇ.പി.സി. കൺസൾട്ട ന്റിനെ നിയമിച്ചിട്ടുണ്ട്. തുറമുഖ ഓപ്പ റേറ്ററെ കണ്ടെത്തുന്നതിനുള്ള നടപടി കൾ അന്തിമഘട്ടത്തിലാണ്. റെയിൽ, റോഡ്, വൈദ്യുതി, ജലം എന്നിവ എത്തിക്കുന്നതിനുള്ള പ്രാരംഭ നടപടി കൾ ആരംഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടു ക്കൽ നടപടികൾ ദ്രുത ഗതിയിൽ നട ക്കുന്നു. പദ്ധതിയുടെ നടത്തിപ്പിലേ ക്കായി 150 കോടി രൂപ നടപ്പു സാമ്പ ത്തിക വർഷം ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുണ്ട്. കൂടാതെ അധിക പദ്ധതി വിഹിതമായി 30 കോടി രൂപ കൂടി ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി | തുറമുഖത്തിന്റെ ടെൻഡർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയി ക്കാമോ ? | ഡി | പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുന്നതി നുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. രണ്ടു കമ്പനികൾ ബിഡുകൾ സമർപ്പിച്ചിട്ടുണ്ട്. ഇരു കമ്പനികളും സാങ്കേതിക ബിഡിൽ യോഗ്യത നേടിയിട്ടുണ്ട്. കേന്ദ്രത്തി ന്റെ സുരക്ഷാ ക്ലിയറൻസിനു ശേഷം സാമ്പത്തിക ബിഡ് പരിഗണിക്കു കയും തുറമുഖ ഓപ്പറേറ്ററെ തെര ഞ്ഞെടുക്കുകയും ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി റിപ്പോർട്ട്

| ഏരിയ | എക്സ്റ്റന്റ് (ഹെക്ടറിൽ) | തൽ സ്ഥിതി | സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| റോഡ് കണക്റ്റിവിറ്റി | 7.8006 | പൂർത്തീകരിച്ചു | |
| ബാക്ക് അപ്പ് | 16.982 | 5.964 ഹെക്ടർ ഏറ്റെടുത്തു. ബാക്കി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. | 2012 മാർച്ച് 31 |
| ട്രക്ക് ടെർമ്മിനൽ | 19.9431 | 6.271 ഹെക്ടർ ഏറ്റെടുത്തു. ബാക്കി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. | 2012 മാർച്ച് 31 |
| റെയിൽ കണക്ടിവിറ്റി | 34.00 | അലൈൻമെന്റ് നിർണ്ണയം അവസാന ഘട്ടത്തിലാണ്. അതിനു ശേഷം നോട്ടിഫിക്കേഷൻ നടപടികൾ ആരംഭിക്കും. | അലൈൻമെന്റ് നിർണ്ണയത്തിനു ശേഷം തീയതി തീരുമാനിക്കുന്നതാണ് |
| വെയർഹൗസ് | 41.53 | നേരിട്ടുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. ബന്ധപ്പെട്ട പ്രൊസസിംഗ് നടന്നുവരുന്നു. | 2013 മാർച്ച് 31 |

സെക്ഷൻ ഓഫീസർ